"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - ജീവിതപ്പാത @ 50 - ന്റെ ഭാഗമായി തിരുവനന്തപുരത്തും ജില്ലാ ആസ്ഥാനങ്ങളിലും നടത്താൻ ഉദ്ദേശിക്കുന്ന സെമിനാറുകൾക്കായി ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**സാംസ്കാരികകാര്യ(സി) വകുപ്പ്**

സ.ഉ.(സാധാ) നം.117/2026/CLAD തീയതി,തിരുവനന്തപുരം, 10-02-2026

---

പരാമർശം:- 1. സ.ഉ(സാധാ) നം. 263/2025/സാം.കാ.വ തീയതി 15.05.2025

2. ചെറുകാട് സ്മാരക ട്രസ്റ്റ് ഭാരവഹികൾ സമർപ്പിച്ച 10.10.2025-ലെ അപേക്ഷ

**ഉത്തരവ്**

ജീവിതപ്പാത @ 50 ന്റെ ഭാഗമായി തിരുവനന്തപുരത്തും ജില്ലാ ആസ്ഥാനങ്ങളിലും നടത്താൻ ഉദ്ദേശിക്കുന്ന സെമിനാറുകൾക്കായി ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ചെറുകാട് സ്മാരക ട്രസ്റ്റ് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജീവിതപ്പാത @ 50 - ന്റെ ഭാഗമായി തിരുവനന്തപുരത്തും ജില്ലാ ആസ്ഥാനങ്ങളിലും നടത്താൻ ഉദ്ദേശിക്കുന്ന സെമിനാറുകൾക്കായി പരാമർശം (1) ഉത്തരവ് പ്രകാരം 2025-26 സാമ്പത്തിക വർഷത്തെ കേരള സംസ്കാര വ്യാപനം 2205-00-102-18 (പ്ലാൻ) പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള പദ്ധതി ഘടകത്തിൽ നിന്ന് 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ചെറുകാട് സ്മാരക ട്രസ്റ്റ് സെക്രട്ടറിയ്ക്ക് അനുവദിക്കുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പദ്ധതി വിഹിതത്തിൽ നിന്നും അനുവദിക്കുന്ന തുകയുടെ ശരിയായ വിനിയോഗം ബന്ധപ്പെട്ട ബില്ലുകളും വൗച്ചറുകളും പരിശോധിച്ച് സാംസ്കാരിക വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

2. പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള

പ്ലാൻ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ വിശദാംശങ്ങളും ചെറുകാട് സ്മാരക ട്രസ്റ്റ് സെക്രട്ടറി, സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ തുക കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രസ്തുത തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സർക്കാരിനും, പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), സാംസ്കാരിക വകുപ്പ് ഡയറക്ടർ എന്നിവർക്കും ചെറുകാട് സ്മാരക ട്രസ്റ്റ് സെക്രട്ടറി ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, ചെറുകാട് സ്മാരക ട്രസ്റ്റ്, പട്ടാമ്പി റോഡ്, പെരുന്തൽമണ്ണ, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ് ) കേരളം,
തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചീഫ് സോഷ്യൽ സർവ്വീസസ് ഡിവിഷൻ, സംസ്ഥാന ആസൂത്രണബോർഡ്
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ,
തിരുവനന്തപുരം
ധനകാര്യ വകുപ്പ്(വിദ്യാഭ്യാസ(ഡി) വകുപ്പ്)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്
കരുതൽഫയൽ/ഓഫീസ് പകർപ്പ് (**CLAD -C2/202/2025-CLAD**

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
സെക്ഷൻ ഓഫീസർ
Date: 11-02-2026 11:52:01

പകർപ്പ് : സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ്സ്-ന്
സാംസ്കാരികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ
സി.എയ്ക്ക്